**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 407** **07-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട ചട്ട ഭേദഗതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട് ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ ചട്ടഭേദഗതികൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | തദ്ദേശ അദാലത്തുകളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ<br><br>സംസ്ഥാനത്തെ ഫീസ് വാങ്ങാതെ സൗജന്യമായി പ്രവർത്തിക്കുന്ന സ്പെഷ്യർ സ്കൂളുകൾ, വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായുള്ള<br><br>സൂപ്പർവിഷൻ ചാർജ് ഈടാക്കുന്നത് ഒഴിവാക്കി 15.10.2024-ലെ G.O.(Rt)No.1912/2024/LSGD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ലൈഫ് ഭവന പദ്ധതിയ്ക്ക കീഴിൽ 60 ച.മീ വിസ്തീർണ്ണമുള്ള സ്വന്തമായി താമസിക്കുന്ന വീടുകൾക്ക് കെട്ടിട നികതി ഒഴിവാക്കിയും ഗഡുക്കളിൽ ഇളവ് അനുവദിച്ചും 04.09.2024-ലെ G.O.(Ms)115/2024/LSGD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ദേശീയ പാതയുമായി ബന്ധപ്പെട്ട സർവീസ് റോഡുകളുടെ വശങ്ങളിൽ താമസാവശ്യത്തിനായി നിർമ്മിക്കുന്ന വീടുകൾക്ക് നാഷണൽ ഹൈവേ അതോറിറ്റിയുടെ അക്സസ് പെർമിറ്റ് നേടിയിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടതില്ലെന്ന് 12.10.2024 -ലെ RA1/427/2024/തസ്വഭവ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>തദ്ദേശ അദാലത്തുകളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ<br><br>2019 -ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വ്യാപാര ലൈസൻസ് എടുക്കുന്നത് വൈകിയാൽ ഈടാക്കുന്ന പിഴത്തുക കുറയ്ക്കുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനുള്ള ഫീസ് സ്ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സെൽഫ് സർട്ടിഫിക്കേഷനിലൂടെ ലൈസൻസ് പുതുക്കുന്നതിനുമുള്ള ഭേദഗതികൾ ലൈസൻസ് ചട്ടങ്ങളിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 2019 -ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>കൂടാതെ 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് കാലികമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ